**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4168** **03-03-2023 - ല്‍ മറുപടിയ്ക്ക്**

**തദ്ദേശ പൊതു സര്‍വ്വീസ് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആര്‍ മഹേഷ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ പൊതു സര്‍വ്വീസ് രൂപീകരണത്തെത്തുടര്‍ന്ന് ജില്ലാ തലത്തില്‍ ഉയര്‍ന്ന തസ്തികകള്‍ സൃഷ്ടിച്ചത് മൂലം പ്രാദേശിക സര്‍ക്കാറുകള്‍ക്ക് ജീവനക്കാരുടെ മുകളിലുണ്ടായിരുന്ന നിയന്ത്രണം നഷ്ടമാകുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയില്‍പ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരത്തില്‍ ജില്ലാ ഓഫീസുകള്‍ ക്രമീകരിച്ചതിനെത്തുടര്‍ന്ന് ഏതൊക്കെ സേവനങ്ങളാണ് പൊതുജനങ്ങള്‍ക്ക് നേരത്തെ നല്‍കിയതില്‍ നിന്നും വ്യത്യസ്തമായി നല്‍കാന്‍ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | അഞ്ച് വ്യത്യസ്ത വിഭാഗങ്ങളായി പ്രവര്‍ത്തിച്ചുവന്ന പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, ടൗണ്‍ & കണ്‍ട്രി പ്ലാനിംഗ്, എല്‍.എസ്.ജി.ഡി എഞ്ചിനീയറിംഗ് എന്നീ വിഭാഗങ്ങളെ ഏകീകരിച്ചുകൊണ്ടുള്ള ജില്ലാ ഓഫീസുകളുടെ ക്രമീകരണം പൂര്‍ത്തിയായിക്കൊണ്ടിരിക്കുന്നു. വ്യത്യസ്ത വിഭാഗങ്ങളില്‍ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ മേല്‍നോട്ടവും നിയന്ത്രണവും ഒരു ജോയിന്റ് ഡയറക്ടറുടെ അധീനതയില്‍ ആകുന്നതുമൂലം പദ്ധതി നിര്‍വ്വഹണത്തില്‍ കൂടുതല്‍ കാര്യക്ഷമത ഉണ്ടാകുന്നതും അതുവഴി ജനങ്ങള്‍ക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നതുമാണ്. |
| (സി) | പൊതു സര്‍വ്വീസ് രൂപീകരണത്തിന്റെ ഭാഗമായി പുതിയതായി സൃഷ്ടിക്കപ്പെട്ടതും അപ്ഗ്രേഡ് ചെയ്യപ്പെട്ടതുമായ തസ്തികകളുടെ വിശദവിവരം നല്‍കാമോ? | (സി) | അനുബന്ധമായി ചേര്‍ക്കുന്നു. |

സെക്ഷന്‍ ഓഫീസര്‍

**തസ്തിക സൃഷ്ടിക്കുന്നത്**

| ക്രമ നം. | സൃഷ്ടിക്കുന്ന തസ്തിക | ശമ്പള സ്കെയിൽ | തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | അഡീഷണൽ ഡയറക്ടർ | 112800-163400 | 1 |
| 2 | ജോയിന്റ് ഡയറക്ടർ | 107800-160000 | 7 |

**അപ് ഗ്രഡേഷൻ**

| ക്രമ നം. | നിലവിലെ തസ്തിക | നിലവിലെ സ്കെയിൽ | അപ് ഗ്രേഡ് ചെയ്യുന്ന തസ്തിക | അപ് ഗ്രേഡ് ചെയ്യുന്ന സ്കെയിൽ | അപ് ഗ്രേഡ് ചെയ്യുന്ന തസ്തികകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | കോർപ്പറേഷൻ സെക്രട്ടറി | 95600-153200 | ജോയിന്റ് ഡയറക്ടർ | 107800-160000 | 6 |
| 2 | കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി | 95600-153200 | ജോയിന്റ് ഡയറക്ടർ | 107800-160000 | 6 |
| 3 | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് | 63700-123700 | ഡെപ്യൂട്ടി ഡയറക്ടർ | 95600-153200 | 17 |
| 4 | മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് I | 77200-140500 | ഡെപ്യൂട്ടി ഡയറക്ടർ | 95600-153200 | 12 |
| 5 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് | 59300-120900 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 14 |
| 6 | ഇന്റേണൽ വിജിലൻസ് ഓഫീസർ | 56500-118100 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 66 |
| 7 | a) അഡ്മിനിസ് ട്രേറ്റീവ് അസിസ്റ്റന്റ് (Panchayat/CRD /CTP/LIDE, LSGD) | 59300-120900 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 5 |
| | b) അഡ്മിനിസ് ട്രേറ്റീവ് അസിസ്റ്റന്റ് | 56500-118100 | അസിസ്റ്റന്റ് ഡയറക്ടർ | 63700- | 1 |

| | | | | | |
|---|---|---|---|---|---|
| | (Urban Affairs) | | | 123700 | |
| 8 | പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട്സ് ഓഫീസർ, പഞ്ചായത്ത് വകുപ്പ് | 56500-118100 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 1 |
| 9 | മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് III | 55200-115300 | സീനിയർ സെക്രട്ടറി | 56500-118100 | 49 |
| 10 | ക്യാമ്പയിൻ ഓഫീസർ (റൂറൽ ഇൻഫർമേഷൻ ബ്യൂറോ) | 50200-105300 | സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ | 51400-110300 | 2 |
| 11 | ഹെൽത്ത് സൂപ്പർവൈസർ | 50200-105300 | ക്ലീൻ സിറ്റി മാനേജർ (മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ) | 51400-110300 | 44 |
| 12 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്I, പഞ്ചായത്ത് വകുപ്പ് | 35600-75400 | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 37400-79000 | 10 |